Malayalam المليبارية

# സക്കാത്ത് രണ്ട് വിധം

**ഐച്ഛികം:** ആരാധനയുടെ ഭാഗമായി മാത്രം ഒരാൾ തന്റെ ധനത്തിൽ നിന്നും ചിലവഴിക്കുന്ന എല്ലാ ധനവും.

നിർബന്ധം

അത് രണ്ട് വിധം

## ശരീരത്തിന്റെ സക്കാത്.

അത് ഫിത്ർ സക്കാത്താണ്. അത് എല്ലാ മുസ്‌ലിമിനും ബാധ്യതയാണ്. കുട്ടിയോ, മുതിർന്നവനോ, പുരുഷനോ, സ്ത്രീയോ, സ്വതന്ത്രനോ, അടിമയോ (വ്യത്യാസമില്ലാതെ എല്ലാവരും നൽകൽ നിർബന്ധം)

## ധനത്തിന്റെ സക്കാത്:

ചില പ്രത്യേകം വ്യക്തികൾക്കോ വിഭാഗങ്ങൾക്കോ ആയി, ചില നിർണിത സമ്പത്തിൽ നിന്നും മതം നിർബന്ധമാക്കിയ ഭാഗം അല്ലാഹുവിന് വേണ്ടിയുള്ള ആരാധയായി നൽകൽ.

**1 രണ്ട് തരം നാണയങ്ങൾ**



സ്വർണവും വെള്ളിയും അതിന്റെ സ്ഥാനത്ത് നിൽക്കുന്ന കറൺസികളും മറ്റും.
സ്വർണം 20 മിഥ്കാൽ (85 ഗ്രാം)
വെള്ളി 200 ദിർഹം (595 ഗ്രാം)

**2 കന്നുകാലികൾ**



മേഞ്ഞുനടക്കുന്നവ. ആട് മാട് ഒട്ടകം എന്നിവയാണ് കന്നുകാലികളിൽ ഉൾപ്പെടുക.

**3 ഭൂമിയിൽ നിന്നും**



ഉൽപാദിപ്പിക്കുന്നവ (കൃഷി) ധാന്യങ്ങളും ഫലവർഗങ്ങളും

**4 കച്ചവട വസ്ഥുകൾ**



കച്ചവടത്തിനായി ഒരുക്കിയ എല്ലാ വസ്തുക്കളും.

## സക്കാത്തിന്റെ അവകാശികൾ

**1 ദരിദ്രർ**

തങ്ങളുടെ കൈവശം ഒന്നുമില്ലാത്തവരൊ, അൽപം എന്തെങ്കിലും ഉള്ളവരോ ആയ അത്യാവശ്യക്കാർ.

**2 അഗതികൾ**

തങ്ങളുടെ ആവശ്യ പൂർത്തീകരണത്തിന് വേണ്ട കാര്യങ്ങളിൽ നല്ല ഭാഗവും അവരുടെ പക്കൽ ഉണ്ടാകും എന്നാൽ പൂർണ്ണമായ അവസ്ഥ ഇല്ലാത്തവരായിരിക്കും അവർ. ഉദാഹരണത്തിന് ഒരാളുടെ വാർഷിക ചെലവ് 12000 രൂപയാണെന്ന് സങ്കൽപ്പിക്കുക. ദരിദ്രൻ ആണെങ്കിൽ അവന്റെ പക്കൽ 6000 രൂപയോ അല്ലെങ്കിൽ അതിന്റെ താഴെ ഒന്നുമില്ലാത്ത അവസ്ഥയോ ആകും ഉണ്ടാവുക.അഗതിയുടെ 6000 ത്തെക്കാൾ കൂടുതൽ ഉണ്ടാകാം എന്നാൽ 12000 തികയാത്ത അവസ്ഥയായിരിക്കും. അതിനാൽ ദരിദ്രനും അഗതിക്കും അവരുടെ ഒരു വർഷത്തേക്ക് ആവശ്യമായ ചെലവുകൾ നമുക്ക് നൽകാം. കാരണം സക്കാത്ത്നിർബന്ധമാകുന്നത് വർഷം പരിഗണിച്ചാണല്ലോ.

**3 സക്കാത്തിന്റെ ഉദ്യോഗസ്ഥർ.**

സക്കാത്ത് പിരിച്ചെടുക്കാനും അത് സംരക്ഷിക്കുവാനും അതിനെ അർഹനിലേക്ക് എത്തിക്കുവാനുമായി ഭരണാധികാരി ഉത്തരവാദിത്വപ്പെടുത്തിയവരാണ് അവർ. അവർ ദരിദ്രരാക്കണമെന്ന നിബന്ധനയില്ല. അവർ സമ്പന്നരാണെങ്കിലും അവർക്ക് സക്കാത്തിന്റെ മുതൽ നിന്നും (ശമ്പളമായി) നൽകാം.

**4 ഹൃദയം ഇണക്കപ്പെട്ടവർ**

(ഇസ്‌ലാമിനെ കുറിച്ച് പഠിക്കുകയും) മുസ്‌ലിംകൾ ആകുമെന്ന് പ്രതീക്ഷയുള്ളവരായ ആളുകൾ. അത്പോലെ (ഇസ്‌ലാമിന്റെ ശത്രുവായ ആളിൽ നിന്നും ) ഉണ്ടാവുന്ന പ്രയാസങ്ങൾ തടയുന്നതിന്റെ ഭാഗമായി ഉള്ളവരും.

**5 അടിമ മോചനം**

1 - മോചന പത്രം എഴുതിവെച്ച മുസ്‌ലിം അടിമ (യുടെ മോചനം)
2 - മുസ്‌ലിമായ അടിമയുടെ മോചനം
3- യുദ്ധക്കത്തടവുകാരനായ മുസ്‌ലിമിന്റ മോചനം

**6 കടം കൊണ്ടു വലഞ്ഞവർ**

1- ആളുകൾക്കിടയിൽ പ്രശ്നപരിഹാരത്തിനായി ഇടപെട്ട് കടക്കാരനായവൻ.
2- സ്വന്തം നിലക്ക് കടം കൊണ്ടുവലഞ്ഞവൻ

**7 ധർമ്മ സമരമാർഗത്തിൽ**

യോദ്ധാക്കളും യുദ്ധപകരണ ആവശ്യങ്ങളുമാണ് ഇതിൽ ഉൾപ്പെടുക.

**8 വഴി യാത്രക്കാരൻ**

യാത്രക്കിടയിൽ യാത്രക്കാവശ്യമായ ചെലവുകളും മറ്റും ഇല്ലാതെ വലയുന്നവന് അവന്റെ നാട്ടിലേക്ക് തിരിച്ചെത്തുവാൻ ആവശ്യമായ ധനം നൽകേണ്ടതാണ്.

sarhaan.com
mahadsunnah.com